

# സ്വത്വരാഷ്ട്രീയം അശ്ലീലമാകുന്നതിലെ രാഷ്ട്രീയം

കവർസ്റ്റോറി ● **സമദ് കുന്നക്കാവ്**

**“ചെവി** ചൊറിഞ്ഞ് മുദ്രാവാക്യങ്ങൾ വിളിക്കുന്നതിന് ഏതാനും വർഷങ്ങൾക്ക് മുമ്പ് കമ്യൂണിസ്റ്റു കാർക്ക് വിചിത്രമായ ഒരു സമര ചരിത്രമുണ്ടായിരുന്നു. ആ കാലത്ത് ധർമപുരിയിൽ വലിയൊരു വെള്ളപ്പൊക്കമുണ്ടായി. ഭൂമിശാസ്ത്രത്തിന്റെ അരാജകത്വം എന്നു പറയട്ടെ ആ സമയത്തുതന്നെ സോവിയറ്റ് യൂനിയനിൽ വരൾച്ച ഉണ്ടായിത്തീരുകയും ചെയ്തു. മുങ്ങിച്ചാവുന്ന ധർമപുരിക്കാരോട് കമ്യൂണിസ്റ്റുകാർ വരൾച്ച വിരോധം പ്രസംഗിച്ചു. വെള്ളം വാർന്ന് വെടിച്ച ശേഷം അവർ തെറ്റുതിരുത്തി. അഞ്ചു വർഷം കഴിഞ്ഞ് കമ്യൂണിസ്റ്റ് കക്ഷി ജലവിരോധ നയം അംഗീകരിച്ചു. അപ്പോഴേക്ക് ധർമപുരിയിൽ വരൾച്ച തുടങ്ങിക്കഴിഞ്ഞിരുന്നു. പുഴകൾ വരണ്ടു, ചെടികളും മരങ്ങളും ഉണങ്ങി. പശുക്കളും മനുഷ്യരും ചത്തുവീണു. ഈ പശ്ചാത്തലത്തിലായിരുന്നു മുങ്ങി മരിക്കാതിരിക്കാൻ

എന്തു ചെയ്യണമെന്നതിനെക്കുറിച്ച് രജനിപാമേദത്തിന്റെ ഗ്രന്ഥങ്ങൾ കമ്യൂണിസ്റ്റുകാർ ധർമപുരയിൽ പ്രചരിപ്പിച്ചത്. വരണ്ട നിലങ്ങളിൽ ജലവിരോധ യോഗങ്ങൾ വിളിച്ചുകൂട്ടി നെഞ്ചു തല്ലി പ്രസംഗിക്കവേ ക്ഷുഭിതരായ ജനങ്ങൾ അവരെ കൂവി വിളിക്കുകയും കല്ലെറിയുകയും ചെയ്തെങ്കിലും കമ്യൂണിസ്റ്റുകാർ ഖിന്നരായില്ല. കാരണം, തങ്ങൾക്കു വെളിവായ ചരിത്ര സത്യം കൂവിവിളിക്കുന്നവർക്ക് അപ്രാപ്യമായിരുന്നല്ലോ. ചോര പൊടിഞ്ഞെങ്കിലും നൊന്തെങ്കിലും ചരിത്ര സത്യത്തിന്റെ കരുത്തിൽ കമ്യൂണിസ്റ്റുകാർ ദേഹോപദ്രവും മാനഹാനിയും സഹിച്ചു. എന്തൊക്കെ ക്ലേശങ്ങൾ നേരിട്ടാലും അവസാനം തങ്ങൾ വെല്ലുമെന്ന് പുരാതന ശുരുക്കന്മാർ താളിയോലകളിൽ എഴുതി വെച്ചിരുന്നല്ലോ" (*ധർമപുരാണം*, ഒ.വി വിജയൻ).

സോവിയറ്റ് യൂനിയനിൽ മഴ പെയ്യുമ്പോൾ ഇന്ത്യയിൽ കുട ചൂടിയിരുന്ന കമ്യൂണിസ്റ്റുകാരുടെ വൈരുധ്യാത്മക ശീലങ്ങളെയാണ് കൃതഹസ്തനായ ഒ.വി വിജയൻ സ്വതസിദ്ധമായ ശൈലിയിലൂടെ ഒരുകാലത്ത് കുത്തി നോവിച്ചത്. മാറ്റമില്ലായ്മയിൽ മഹത്വം കാണുന്ന സനാതന സിദ്ധാന്ത സംഹിതയുടെ ആവിഷ്കാര രൂപങ്ങളിലെ ഏങ്കോണിപ്പുകൾ വരച്ചു കാട്ടിക്കൊണ്ടുള്ള രചനാ വൈദഗ്ധ്യങ്ങൾ അതിനു മുമ്പും ശേഷവും ധാരാളമുണ്ടായിട്ടുണ്ട്. ഒട്ടും വികാസക്ഷമമല്ലാത്ത ക്ലാസിക്കൽ മാർക്സിസത്തിന്റെ തത്ത്വങ്ങളെ സമകാലികതയിലേക്ക് ഇണക്കിച്ചേർത്ത് വിനിയമക്ഷമമാക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും അതിനെ ഈജിപ്ഷ്യൻ മമ്മികളെ ഓർമപ്പെടുത്തുംവിധം ചരിത്ര മ്യൂസിയങ്ങളിലെ പുരാവസ്തുവാക്കി മാറ്റിയിട്ടുണ്ട്. യാഥാർഥ്യം ഇതാണെങ്കിലും എന്തോ അതിന്റെ സാങ്കേതിക സംജ്ഞകൾ പൊതുബോധത്തിൽ ഒരു ആദിമ വിശുദ്ധി കൈവരിച്ചിട്ടുണ്ട്. ദുർഗ്രാഹ്യത ആവരണം ചെയ്ത ഈ സാങ്കേതിക പദാവലികളുടെ താവഴി ഉച്ചാരണങ്ങളിലൂടെ പൊതുബോധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടുപോയ ഒന്നാണ് വർഗ രാഷ്ട്രീയം (വർഗീയതക്കെതിരിലും വർഗീയ സംഘട്ടനത്തിനെതിരിലും നാവു ചലിപ്പിക്കാറുള്ള സാംസ്കാരിക പ്രവർത്തകരാരും വർഗ സംഘട്ടനത്തിൽ ഒളിഞ്ഞു കിടപ്പുള്ള മനുഷ്യത്വ വിരുദ്ധതയെ സാരമാക്കാറില്ല എന്നത് ധൈഷമികമണ്ഡലത്തിൽ ആ പദത്തിന് കൈവന്ന വിശുദ്ധിയാണ് സൂചിപ്പിക്കുന്നത്). *ആൾക്കൂട്ട*ത്തിന്റെ അവസാന ഭാഗത്ത് ആനന്ദ് മനുഷ്യ ശരീരത്തിൽ അവന്റെ വയസ്സനുസരിച്ച് വളർച്ച പ്രാപിക്കാത്ത കണ്ണിന്റെ കൃഷ്ണമണിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാദമനുസരിച്ച് മനുഷ്യന്റെ കാഴ്ചപ്പാടുകൾ എന്നും ഈ കൃഷ്ണമണികളുടെ വലയങ്ങൾക്കകത്താണ്. മാറ്റമില്ലാത്തത് മാറ്റത്തിനു മാത്രമാണെന്ന് ആചാര്യൻ ചൊല്ലിപ്പഠിപ്പിച്ചുവെങ്കിലും വർഗ കാഴ്ചപ്പാടിൽ ഒരു മാറ്റവും പാടില്ലെന്നുള്ള ദുശ്ശാഠ്യം തലമുറകളായി പകർന്നു പോരുന്നതിന്റെ കാരണം കാഴ്ചകൾ ഉപര്യുക്ത വലയങ്ങൾക്കകത്തായത് കൊണ്ടാണ്. പക്ഷേ, ചിലരുടെയെങ്കിലും വികസിക്കാത്ത ഈ കൃഷ്ണമണിയിൽ തന്നെ വിശാലമായ പരിണാമ കാഴ്ചകൾ പൊട്ടിവിരിയുന്നു. സാമൂഹിക യാഥാർഥ്യങ്ങളുടെ പൊള്ളുന്ന വെളിച്ചത്തിൽ ദർശിക്കുന്ന ചില നേരുകൾ സാമ്പ്രദായിക ചിന്തകളുടെ പ്രയോജന രാഹിത്യത്തെക്കുറിച്ച് ഓർമപ്പെടുത്തുമ്പോൾ ഉടലെടുക്കുന്ന വ്യതിയാനമാണിത്. സോഷ്യൽ ഡെമോക്രസിയെന്നോ പോസ്റ്റ് മാർക്സിസമെന്നോ നാലാം ലോകമെന്നോ സ്വത്വ രാഷ്ട്രീയമെന്നോ എങ്ങനെ വേണമെങ്കിലും ഇതിനെ നമുക്ക് വിളിക്കാം. ഏക ശിലാത്മകമായ സൈദ്ധാന്തിക വരട്ടുവാദങ്ങളുടെ നിലവറക്കകത്തുനിന്നും മാനവികതയുടെ വിളക്കുമാടങ്ങളിൽ കൂടപിറപ്പുകളോടൊപ്പം ചേക്കേറാനുള്ള രാപ്പാടി പക്ഷിയുടെ പിടച്ചിലുകൾ മാത്രമാണിത്. മാർക്സിസത്തിന്റെ പ്രതിരോധ മൂല്യത്തെ പുതിയ ലോകാവസ്ഥയോട് സമ്മേളിപ്പിച്ച് ഒരേസമയം മാർക്സിസത്തെ മറികടക്കുന്നതും മാർക്സിസവുമായുള്ള തുടർച്ച നിലനിർത്തുന്നതുമായ സമീപനമെന്ന് സ്വയം അവകാശപ്പെടുമെങ്കിലും ആന്തരികമായ സത്യം പ്രായോഗിക വർഗ രാഷ്ട്രീയത്തിന്റെ അപര്യാപ്തത തന്നെയാണ്. ഇന്ത്യ എന്ന മൂർത്തമായ യാഥാർഥ്യത്തെ ശരിയാംവണ്ണം അഭിമുഖീകരിക്കാൻ സാമ്പ്രദായിക മാർക്സിസത്തിന് കഴിഞ്ഞിട്ടില്ല എന്ന നട്ടുച്ചസത്യത്തിന്റെ നിലപാടുതറയിൽനിന്ന് മാർക്സിസത്തെ വിമർശിക്കാനോ നവീകരിക്കാനോ ഒക്കെ പലപ്പോഴായി നടന്ന ഉദ്യമങ്ങളുടെ തുടർച്ചയായിക്കൊണ്ടുവേണം നിലവിലുള്ള സ്വത്വരാഷ്ട്രീയ ബഹളങ്ങളെയും നോക്കിക്കാണാൻ.

### സ്വത്വരാഷ്ട്രീയത്തിന്റെ പിറവി

മനുഷ്യരാശിയിൽ തൊഴിലാളി, മുതലാളി എന്ന രണ്ടു വർഗങ്ങളേയുള്ളൂ എന്ന മാർക്സിയൻ വർഗ വാദത്തിനപ്പുറമായി ചിന്തിക്കണമെന്നും ജാതി, മതം, ലിംഗം, വർണം, ഭാഷ, ദേശം തുടങ്ങിയ വിവിധ തരം സ്വത്വങ്ങളുടെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് അവരുടെ പ്രശ്നങ്ങൾ

ചർച്ച ചെയ്യപ്പെടണമെന്നുമുള്ള ചിന്താഗതിയാണ് സ്വത്വവാദത്തിന്റെ അടിസ്ഥാനം. ജനങ്ങളെ വർഗങ്ങളായി കാണുകയും ആ കാഴ്ചപ്പാടിന്റെ അടിത്തറയിൽ അവരെ ഏകോപിപ്പിച്ച് പ്രവർത്തിക്കുകയും ചെയ്യണമെന്ന മാർക്സിയൻ ആശയ ധാരയോട് ഇത് വ്യക്തമായും വിയോജിപ്പ് വെച്ചുപുലർത്തുന്നു. വർഗം എന്നത് സ്വത്വരാഷ്ട്രീയക്കാരെ സംബന്ധിച്ചേടത്തോളം അനവധി സ്വത്വങ്ങളിൽ ഒന്നു മാത്രമാണ്. ക്ലാസിക്കൽ മാർക്സിസത്തിന്റെ സമഗ്രതയിൽ അധിഷ്ഠിതമായ സിദ്ധാന്തീകരണത്തിന് പകരം സമൂഹത്തിൽ നിലനിൽക്കുന്ന ഓരോ സവിശേഷ പ്രശ്നത്തെയും അതിന്റെ സവിശേഷതയിൽ മനസ്സിലാക്കുകയും അതിന്റേതായ പ്രവർത്തന ക്രമങ്ങളിലേക്ക് തുറന്നുവിടുകയുമാണ് വേണ്ടതെന്ന് അവർ വാദിക്കുന്നു. പരമ്പരാഗതമായ രാഷ്ട്രീയത്തിന്റെ സ്ഥാനം കൈയാളാൻ സംസ്കാരത്തിന് സാധ്യമായതിനാൽ മൂലധനത്തിന്റെ ആധിപത്യത്തെ മാത്രം മുൻനിർത്തി സാമൂഹികമായ അടിച്ചമർത്തലുകളെ വിശദീകരിക്കുന്നതിലെ അപൂർണതയെ  അവർ എടുത്തുകാട്ടുന്നു. സംസ്കാര വിമർശം രാഷ്ട്രീയ പ്രയോഗമായിത്തീരുന്ന ഇത്തരമൊരു സന്ദർഭത്തിൽ ബഹുമുഖ സ്വത്വങ്ങളെ ഉൾക്കൊള്ളാൻ പോന്നവിധത്തിൽ മാർക്സിസത്തെ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ അവർ ഓർമപ്പെടുത്തുന്നു.

സ്ത്രീ പ്രസ്ഥാനങ്ങൾ, ന്യൂനപക്ഷങ്ങൾ, വംശ–വർണ വിരുദ്ധ സംഘടനകൾ, ലൈംഗിക ദേശീയ ന്യൂനപക്ഷങ്ങൾ, പരിസ്ഥിതി സംഘടനകൾ, സമാധാന പ്രസ്ഥാനങ്ങൾ തുടങ്ങിയവയുടെയെല്ലാം നേതൃത്വത്തിൽ ഉയർന്നുവരുന്ന ചെറുതും വലുതമായ എണ്ണമറ്റ പ്രക്ഷോഭങ്ങൾ സാമൂഹിക സംഘർഷങ്ങളുടെ കേന്ദ്രമായതിന്റെ കാരണം എങ്ങനെയൊക്കെ നിഷേധിച്ചാലും സ്വത്വരാഷ്ട്രീയമാണ്. ഘടനാവാദാനന്തര ചിന്തയുടെയും ഉത്തരാധുനികതയുടെയും തടത്തിൽ കാലൂന്നിക്കൊണ്ടുള്ള ഈ വിളംബരം ആത്യന്തികമായി തകർക്കുന്നത് വർഗ രാഷ്ട്രീയത്തെയാണ് എന്ന് സ്ഥാപനവത്കൃത ഇടതുപക്ഷം ഭയപ്പെടുന്നു. ക്ലാസിക്കൽ വ്യവസായ തൊഴിലാളിയെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്ന വർഗസങ്കൽപവുമായി സ്വത്വരാഷ്ട്രീയ വേട്ടക്ക് മുഖ്യധാരാ ഇടതുപക്ഷം ഉദ്യമിക്കുന്നത് അതിനാലാണ്. വർഗ രാഷ്ട്രീയം മനോഹരമായൊരു ആശയത്താലും സ്വപ്നത്താലും വലയം ചെയ്യപ്പെട്ട ലളിതയുക്തിയാണ്. നീതിയെ സ്വപ്നം കാണുന്ന മുഴുവൻ സ്വത്വങ്ങളെയും വർഗമെന്ന ഒരൊറ്റ കള്ളിയിലേക്ക് വെട്ടിയൊതുക്കി ബൂർഷ്വാസിയോടുള്ള വർഗ സംഘട്ടനത്തിനുള്ള ചാവേറുകളാക്കി മനുഷ്യർക്കിടയിലുള്ള അന്തരങ്ങളെ അപ്രത്യക്ഷമാക്കാം എന്നതിനെക്കുറിച്ചുള്ള ആലോചനയാണത്. എന്നാൽ ചരിത്രത്തിന്റെ നടവഴികളിൽ വർഗ രാഷ്ട്രീയത്തിന് സംഭവിച്ച ഇടർച്ചകൾ നമ്മുടെ കണ്ണെത്തും ദൂരത്തുതന്നെയാണ്. കമ്യൂണിസവും മുതലാളിത്തവും അധികാരത്തിന്റെ മർദനോപകരണ മണ്ഡലത്തിൽ ഒത്തൊരുമയോടെ കൈകോർത്തു പിടിക്കുന്ന ദൃശ്യങ്ങൾ പലപ്പോഴും സംജാതമായി. സമീപകാല ചരിത്രത്തിന്റെ വൈരുധ്യങ്ങളിൽ മാർക്സിസം അതിന്റെ തർക്ക ശാസ്ത്രത്തെ ഒതുക്കി നിർത്തിയപ്പോൾ അതിനു മുമ്പുള്ള ജൈവ വർഗങ്ങളുടെ അതിപ്രാചീനങ്ങളായ വാസനകൾ പിന്തുടർന്ന് ചരിത്ര വീക്ഷണങ്ങളെ അപ്പാടെ കൂക്കിവിളിച്ചു. വിശ്വാസം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവയോട് ആദിമ കാലം തൊട്ടേ മനുഷ്യനുള്ള വൈകാരിക ബന്ധത്തിന്റെ ശക്തിയും ദാർഢ്യവും മാർക്സിസം പരിഗണിച്ചില്ല. തൊഴിലും സമ്പത്തും മാത്രം





അടിസ്ഥാനമാക്കി മനുഷ്യനെ വിഭജിച്ചതും വിഭജിക്കപ്പെട്ട പക്ഷങ്ങളെ വിരുദ്ധ ചേരികളാക്കിയതും തികച്ചും അശാസ്ത്രീയമായിരുന്നു എന്നും മാനവ പുരോഗതിയുടെ പാതയിൽ വർഗ സഹകരണത്തിന്റെ മുദ്രകൾ പതിഞ്ഞു കിടക്കുന്നത് കാണാൻ അതിനു സാധിച്ചില്ലെന്നും ഇന്ന് തീർപ്പു കൽപിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനെയും അവന്റെ സംസ്കാരത്തെയും പരിപൂർണതയിലും സമഗ്രതയിലും കാണാൻ സാധിക്കാതെ പോയ ഒരു പാർട്ടി വഴിവക്കിലിരുന്ന് കാട്ടുന്ന കിതക്കലും അണക്കലും മൽപിടുത്തവുമാണ് സൈദ്ധാന്തിക ജൽപനങ്ങളായി നമ്മൾ ശ്രവിച്ചുകൊണ്ടിരിക്കുന്നത്.

### വർഗ രാഷ്ട്രീയത്തിന്റെ സൃഷ്ടി

സ്വത്വരാഷ്ട്രീയം സമീപകാലത്തായി ഇന്ത്യൻ മണ്ണിൽ തഴച്ചുവളരാനുള്ള കാരണം കെ.ഇ.എന്നിന്റെ ഗുജറാത്ത് യാത്രയോ മതമൗലികവാദികളും നവ സാമൂഹിക പ്രസ്ഥാനങ്ങളും തലയണമന്ത്രം ചൊല്ലികൊടുത്തതോ ഒന്നുമല്ല. മറിച്ച് ഒന്നാം നവോത്ഥാനത്തോടെ ഇന്ത്യൻ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടില്ലെന്നും അന്ന് പരിഹരിക്കപ്പെട്ടു എന്ന് കരുതിയ പല സങ്കീർണതകളും കൂടുതൽ തീക്ഷ്ണതയോടെ ഇരമ്പി വരുന്നുണ്ടെന്നും ഓർമപ്പെടുത്താൻ അടിസ്ഥാന വർഗങ്ങൾ സമർപ്പിച്ച കുറ്റപത്രമാണ് സ്വത്വരാഷ്ട്രീയം. സാമ്പത്തിക പ്രക്രിയയെ അടിത്തറയായും സംസ്കാരത്തെ മേൽപുരയുമായി ഘടിപ്പിച്ചപ്പോൾ അറിയാതെയെങ്കിലും ഇടതുപക്ഷം സംഘം ചേർന്നത് വരേണ്യ വിഭാഗത്തോടൊപ്പമായിരുന്നു. ഒന്നാം ഭൂപരിഷ്കരണം എത്രമാത്രം കീഴാള വർഗത്തോട് നീതി ചെയ്തു എന്നതിനുള്ള ഉത്തരമായിക്കൊണ്ട് മുത്തങ്ങ മുതൽ ചെങ്ങറ വരെയുള്ള സമരങ്ങൾ നമുക്ക് മുന്നിലുണ്ട്. 1950കളുടെ അവസാനവും എഴുപതുകളുടെ തുടക്കത്തിലും നടപ്പാക്കിയ ഭൂപരിഷ്കരണവും തൊണ്ണൂറുകളിൽ മുന്നോട്ടുവെച്ച അധികാര വികേന്ദ്രീകരണ നടപടികളുമെല്ലാം ശുഭോദർക്കവും ശ്ലാഘനീയവും തന്നെയായിരുന്നു. പക്ഷേ, ഇടതുപക്ഷ രാഷ്ട്രീയ സ്വഭാവത്തിന്റെ സ്വാധീനത്തിൽ നടപ്പാക്കപ്പെട്ട ഇത്തരം പരിഷ്കരണങ്ങൾ ആദിവാസികൾക്കും ദലിതുകൾക്കും ഒരു പ്രയോജനവും ചെയ്തില്ലെന്നു മാത്രം. 1970–ൽ ജന്മി–കുടിയാൻ സമ്പ്രദായത്തിന് വിരാമമിടുകയും കുടിയാൻമാർക്ക് കൈവശാവകാശം നൽകുകയും ചെയ്തെങ്കിലും കുടിയാന്മാരുടെ വേഷത്തിൽ കുടിയേറ്റ കർഷകർ ഭൂമി സ്വന്തമാക്കിയപ്പോൾ ഭൂവുടമകളെന്ന ലേബലിൽ ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെടുകയായിരുന്നു.

ജാതിവിമർശനത്തിന്റെ കാര്യത്തിലും ന്യൂനപക്ഷത്തോടുള്ള നിലപാടിലും ചരിത്രപരമായ

ഈ ദ്യശ പിഴവുകൾ ഇടതുപക്ഷത്തിന് സംഭവിച്ചിട്ടുണ്ട്. പ്രാഥമികമായി നാടുവാഴിവിരുദ്ധവും ജാതി വിരുദ്ധവുമായ സമരങ്ങൾക്ക് മേലാണ് ഇടതുപക്ഷം അതിന്റെ ജനകീയ അടിത്തറ ഉറപ്പിച്ചെടുത്തത്. തന്മൂലം സമുദായ പരിഷ്കരണ പ്രസ്ഥാനങ്ങളോടും ജതി നശീകരണ സംരംഭങ്ങളോടും ക്ഷേത്രപ്രവേശന സമരങ്ങളോടുമെല്ലാം ഐക്യപ്പെടാനും പലതിന്റെയും നേതൃത്വം തന്നെ ഏറ്റെടുക്കാനും ഇടതുപക്ഷം തയാറായിയിട്ടുണ്ടെന്ന വസ്തുത അവഗണിക്കാവതല്ല. പക്ഷേ, ഈ നാടുവാഴി വിരുദ്ധ സമരത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായി ആധുനികതയുടെ നവോത്ഥാന മൂല്യങ്ങളെതന്നെ അതിന് സ്വാംശീകരിക്കേണ്ടിവന്നു എന്നതാണ് ഏറെ വൈരുധ്യം. നിശ്ചയമായും ഫ്യൂഡൽ വിരുദ്ധ–ജാതിവിരുദ്ധ സമരങ്ങളിൽ ഏർപ്പെടുന്ന ഒരു പാർട്ടിക്ക് എന്തുകൊണ്ടും ആധുനികതയുടെ മൂല്യങ്ങളിൽനിന്ന് ഊർജം സംഭരിക്കേണ്ടിവരും എന്ന യാഥാർഥ്യം വാദത്തിനു വേണ്ടി അംഗീകരിക്കാം. എന്നാൽ ശാശ്വതമായ ഒരു പദ്ധതിയായി കണ്ട് ഇടതുപക്ഷം അതിനെ നില നിർത്തിപോന്നു എന്നതാണ് വസ്തുത. അങ്ങനെ നാടുവാഴിത്ത വിരുദ്ധമായ സമര പാരമ്പര്യത്തിന്റെ ഭാഗമായി ആധുനികമായ ലോകാവബോധത്തോട് ആഴത്തിൽ ഐക്യപ്പെട്ട ഇന്ത്യയിലെയും കേരളത്തിലെയും ഇടതുപക്ഷം ആധുനികതയുടെ സവർണതയെയും കൂട്ടത്തിൽ പുൽകി. ഇന്ത്യയിലെ ദേശീയാധുനികതക്ക് സവർണതയുമായുള്ള ചാർച്ച തിരിച്ചറിയാനോ അറിഞ്ഞെങ്കിൽ തന്നെ പ്രശ്നവത്കരണ പ്രക്രിയകളിൽ ഏർപ്പെടാനോ ഇടതുപക്ഷത്തിന് സാധിച്ചില്ല. അതിന്റെ ഫലമെന്നോണം കമ്യൂണിസ്റ്റുകാരനാകുന്നതോടൊപ്പം തന്നെ ബ്രാഹ്മണ പ്രത്യയശാസ്ത്രത്തിനകത്ത് ഒളിഞ്ഞും തെളിഞ്ഞും പാർപ്പുറപ്പിക്കാനാവുമെന്ന നിലയും കമ്യൂണിസ്റ്റുകൾക്ക് കൈവന്നു. കെ.ഇ.എന്നിനെ ഉസാമ ബിൻലാദിനായി ചിത്രീകരിക്കുന്ന ഇടതുപക്ഷ സാംസ്കാരിക പ്രവർത്തകരുടെ ധാര ആധുനികതയുടെ ഈ സവർണ ബിംബം ഉള്ളിലൊളിപ്പിച്ച് നടക്കുന്നവരാണ്. ചരിത്രപരമായി ഇടതുപക്ഷത്തിന് സംഭവിച്ച ഈയൊരു അപചയത്തെ ശരിയാംവിധം ചേരുംപടി ചേർത്താൽ അനിവാര്യമായും പൊട്ടിമുളക്കാവുന്ന സൈദ്ധാന്തിക വിത്തുകളായി സ്വത്വരാഷ്ട്രീയത്തെ വായിക്കാൻ കഴിയും. മാർക്സിനെ ആധുനികതയുടെ വക്താവായും ആധുനികതയെ സ്വാംശീകരിച്ച ഇടതുപക്ഷ/മാർക്സിസ്റ്റ് പ്രസ്ഥാനങ്ങളത്രയും സവർണ പ്രത്യയശാസ്ത്രത്തിന്റെ പ്രതിനിധികളായും കണ്ട് സ്വത്വരാഷ്ട്രീയത്തിൽ അഭയം പ്രാപിക്കുന്ന സമകാലിക ദലിത് ആക്ടിവിസങ്ങൾ നമ്മെ ഉണർത്തുന്നതും ഇതാണ്. ചുരുക്കത്തിൽ സ്വത്വരാഷ്ട്രീയം എന്നത് പ്രായോഗിക ഇടതുപക്ഷത്തിന്റെ ഇന്ത്യൻ മാതൃകകൾ ശരിയായിരുന്നില്ലെന്ന പ്രഖ്യാപനങ്ങളാണ്. പരിധിക്ക് വഴങ്ങാത്ത സാംസ്കാരിക പ്രവർത്തകരെ പടിക്കു പുറത്താക്കി ശുദ്ധികലശം നടത്തിയാലും അവസാനിക്കാത്ത സങ്കീർണതകൾ ഈ വാദത്തിൽ ഒളിഞ്ഞുകിടപ്പുണ്ട്.

**സ്വത്വരാഷ്ട്രീയം**
**ഇപ്പോൾ ചതുർഥിയാകുന്നത്**

എം.എൻ വിജയൻമാഷെ പോലുള്ള തലയെടുപ്പുള്ള സൈദ്ധാന്തികനെ ബലികൊടുത്ത് സ്വത്വരാഷ്ട്രീയത്തിനുള്ള സ്പെയ്സ് ഇടതുപക്ഷം അനുവദിച്ചിരുന്നു എന്നത് ഹമീദ് ചേന്ദമംഗല്ലൂരിനെ സാക്ഷിനിർത്തി വേണമെങ്കിൽ ഉറപ്പിച്ചെടുക്കാം. അതേ ഇടതുപക്ഷം തന്നെ സ്വത്വരാഷ്ട്രീയത്തെ പുറംകാൽ വെച്ച് തൊഴിച്ച് തെറിപ്പിക്കുന്നതിലെ വികാരം ആധുനികതയുടെ സവർണ മാളത്തിലേക്ക് തന്നെ അത് തിരിച്ചുനടക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ്. പാരമ്പര്യമായി ഹിന്ദു പാർട്ടി എന്ന് നാമകരണം ചെയ്യപ്പെട്ടിരുന്ന ഇടതുപക്ഷത്തിന് അതിൽനിന്നുള്ള മോചനം കൂടിയായിരുന്നു സ്വത്വരാഷ്ട്രീയ പ്രേമം. ന്യൂനപക്ഷങ്ങളുടെയും ദലിതുകളുടെയും വോട്ടുകൾ ക്രോഡീകരിക്കുകയും ഏകീകരിക്കുകയും ചെയ്യുക എന്ന ഗൂഢ ലക്ഷ്യം കൂടി ഇതിൽ കൂട്ടുചേർക്കപ്പെട്ടു. എന്നാൽ വ്യത്യസ്ത സ്വത്വങ്ങൾക്ക് ആവിഷ്കാരത്തിനുള്ള ഇടം നൽകിയപ്പോൾ സംഭവിച്ചത് ഓരോ സ്വത്വങ്ങളും രാഷ്ട്രീയമായി സ്വയം ശാക്തീകരിക്കപ്പെട്ടു എന്നുള്ളതാണ്. സാമ്പ്രദായിക പ്രസ്ഥാനങ്ങളുടെയും വിമോചകരുടെയും അപൂർണത യാഥാർഥ്യബോധത്തോടെ ജനങ്ങൾ ഇന്ന് ഉൾക്കൊണ്ടിരിക്കുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ രാഷ്ട്രീയ പ്രതിനിധാനങ്ങൾ സ്വയം ശാക്തീകരിക്കപ്പെടുകയാണ്. സ്വന്തം സമരങ്ങളുടെയും ലക്ഷ്യങ്ങളുടെയും തിരക്കഥ അവർ സ്വയം രചിക്കുകയാണ്. രാഷ്ട്രീയ ഇടങ്ങളുടെ പേറ്റന്റ് ഇത്രയും കാലം കൈയടക്കി വാണിരുന്നവർക്ക് അതിനാൽ ഈ നവജാഗരണം എന്തുകൊണ്ടും അലോസരമുണ്ടാക്കുമെന്ന് തീർച്ച. കാലിനടയിലുള്ള ഈ മണ്ണൊലിപ്പ് തന്നെയാണ് സ്വത്വരാഷ്ട്രീയത്തിന്റെ മുദ്ര ചാർത്തി മൂല്യാധിഷ്ഠിത രാഷ്ട്രീയത്തെ പോലും ആക്രമിക്കുന്നതിലേക്ക് രാഷ്ട്രീയ ചാണക്യന്മാരെ കൊണ്ടെത്തിച്ചിരിക്കുന്നത്. ■